അതിനുവേണ്ടി മൂന്നു ടെണ്ടർകാർ മുന്നോട്ടു വന്നു. അതിൽ ലോവസ്റ്റ് ടെണ്ടർ 88 ശതമാനം അധികമായിരുന്നു. ആ ടെണ്ടർ സ്വീകരിക്കുകയാണെങ്കിൽ ഏകദേശം ഒരു കോടി രൂപയോളം ഗവൺമെൻറിന് ചെലവാകും. അത്രയും ഭീമമായ തുക ചെലവഴിക്കാനുള്ള സാമ്പത്തിക സ്ഥിതി ഗവൺമെൻറിനില്ലാത്തതുകൊണ്ട് സാമ്പത്തിക ഏജൻസികളിൽ നിന്ന് പണം വാങ്ങി കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടത്തണമെന്ന നിർദ്ദേശം നൽകി. അതിൻറെ അടിസ്ഥാനത്തിൽ അവരത് പരിശോധിച്ചു. സാമ്പത്തിക ഏജൻസികളിൽ നിന്നു പണം വാങ്ങിയാൽ അതിൻറെ പലിശ കൊടുക്കാൻ പോലും അതിൽനിന്ന് — വരുമാനമില്ലായെന്നുള്ളതുകൊണ്ട് അവർ ഗവൺമെൻറിനെ അറിയിച്ച് പിൻവാങ്ങിയിരിക്കുകയാണ്. ഇപ്പോഴത്തെ ടെണ്ടർ വിളിച്ചു കൊടുക്കുകയാണെങ്കിൽ ഏകദേശം ഒരു കോടി രൂപയിലധികം ഈ പാലത്തിന് ചെലവഴിക്കേണ്ടതായിവരും. എന്നാൽ ഇന്നത്തെ സാമ്പത്തികസ്ഥിതി വച്ചുകൊണ്ട് കോടിക്കണക്കിന് രൂപ ചെലവുള്ള ഈ പാലം ഗവൺമെൻറിൻറെ അലോട്ട്മെൻറിൽനിന്നു മാത്രം ചെയ്യുന്ന കാര്യം പ്രയാസമാണ്. അതുകൊണ്ട് സാമ്പത്തിക ഏജൻസികളിൽ നിന്ന് പണം വാങ്ങി കോർപ്പറേഷൻതന്നെ വിപുലമായ പ്രവർത്തനം പല രംഗത്തും നടത്തണമെന്നുള്ളതുകൊണ്ട് അടുത്ത സാമ്പത്തിക വർഷത്തിൽ വീണ്ടും ഈ കാര്യം പരിശോധിക്കുന്നതാണ്.

(8) വെള്ളപ്പൊക്കംമൂലം പാടശേഖരങ്ങളിൽ മടവീഴ്ച

ഡോ. കെ. സി. ജോസഫ്: സർ, കഴിഞ്ഞ വെള്ളപ്പൊക്കത്തെത്തുടർന്ന് ഏതാനും പാടശേഖരങ്ങളിൽ മടവീഴുകയുണ്ടായി. അതിൻറെ ഫലമായി വലിയതോതിൽ വെള്ളം തിങ്ങിനിന്നതുകൊണ്ട് ഏക്കർകണക്കിന് ഭൂമി കൃത്തിയൊലിച്ച് കൃഷിചെയ്യാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഈ ഭൂമി നേർ നിലമാക്കി മാറ്റാൻ ഇതുവരെ സഹായമൊന്നും ചെയ്തിട്ടില്ല. അതിനുവേണ്ടി കൃഷിക്കാർക്ക് സഹായം കൊടുക്കണമെന്ന് ഞാൻ വിനീതമായി ഈ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

വനം വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പാടശേഖരങ്ങളിൽ ഇങ്ങനെ മഞ്ഞ് കയറിയിട്ടുണ്ടെന്നുള്ള റിപ്പോർട്ട് ഗവൺമെൻറിന് കിട്ടിയിട്ടുണ്ട്. അതിനുവേണ്ടി എന്തുചെയ്യാൻ കഴിയുമെന്ന് പ്രത്യേകം പരിശോധിക്കുന്നതാണ്.

(9) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ലോക്കൗട്ട്

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന ഒരു പൊതുമേഖലാസ്ഥാപനമാണ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ. കേരളത്തിലെ കൃഷിക്കാരുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ചുള്ള കാര്യസ്ഥാപനമാണത്. എന്നാൽ നിർഭാഗ്യവശാൽ ഈ മാസം പത്താം തീയതി മുതൽ ഒരു സ്വകാര്യ സ്ഥാപനംപോലെ ലോക്കൗട്ട് ചെയ്തിരിക്കുകയാണ് വേരിയബിൾ ഡി. എ. സംബന്ധിച്ചാണ് അവിടെ തർക്കം ഉണ്ടായത്. 1977-ലും 1979-ലും ഉണ്ടായ എഗ്രിമെൻറനുസരിച്ച് ആ സ്ഥാപനത്തിൽ വേരിയബിൾ ഡി. എ ഏർപ്പെടുത്തിയിരുന്നു. എന്നാൽ അതിനുശേഷം മാനേജ്മെൻറും യൂണിയനും തമ്മിലുണ്ടായ തർക്കത്തിൻറെ ഫലമായി സർക്കാർ നിരക്കിൽ ഡി. എ. ഏർപ്പെടുത്താമെന്ന് പറഞ്ഞു. എന്നാൽ ഈ സ്ഥാപനത്തിൽ വേരിയബിൾ ഡി.എ. ഏർപ്പെടുത്തിയത് ഒരു പേഴ്സണൽ പേ ആയി പരിഗണിച്ച് ആ രീതിയിൽ തുടരണമെന്നുള്ള കരാറിൽ മാനേജ്മെൻറും യൂണിയനും എത്തിച്ചേർന്നു. എന്നാൽ കരാറിനെ ലോഭ്യം ചെയ്തുകൊണ്ട് വേരിയബിൾ ഡി. എ. നിറുത്തലാക്കി. കൊടുത്ത ശമ്പള

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മാനേജ്മെന്റ് എടുത്ത നിലപാടിനെ യൂണിയൻ ചോദ്യം ചെയ്തു. ഈ നിലപാടിനെ ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ ഒരു കേസും നിലവിലുണ്ട്. ഹൈക്കോടതിയിൽ നിന്നുണ്ടായ സ്റ്റേ ഉത്തരവനുസരിച്ച് യാതൊരു കാരണവശാലും ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറയ്ക്കരുത് എന്നാണ് വ്യവസ്ഥ. ഹൈക്കോടതിയുടെ സ്റ്റേപോലും പരിഗണിക്കാതെ ഇപ്പോഴും അടിയന്തിരമായി ഒരു സ്വകാര്യ സ്ഥാപനമെന്ന നിലയിൽ പൂട്ടിയിരിക്കുകയാണ്. ഈ സ്ഥാപനത്തിലെ ജീവനക്കാർ അതുകൊണ്ട് സെക്രട്ടറിയേറ്റിന്റെയും ഇതിന്റെ ഹെഡ്ഡാഫീസിന്റെയും നടയിൽ സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തെ ഒരു പൊതുമേഖലാസ്ഥാപനം അനിശ്ചിതകാലത്തേക്ക് പൂട്ടിയിടുന്ന നടപടി ഒഴിവാക്കണം. ആ ജീവനക്കാരെ വിളിച്ചുകൂട്ടി അവരുടെ പ്രശ്നങ്ങളും ചർച്ചചെയ്ത് ന്യായമായ ഒത്തുതീർപ്പിന്റെയടിസ്ഥാനത്തിൽ ഫാക്ടറി നാളെത്തന്നെ തുറന്നു പ്രവർത്തിക്കാനാവശ്യമായ നടപടി ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കണമെന്ന് വളരെ ശക്തിയായി ആവശ്യപ്പെടുകയാണ്. ഇത്തരത്തിലുള്ള നയം വളരെ ബാർബറസ് ആണ്. അതുകൊണ്ട് അത് അവസാനിപ്പിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്): സർ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മാനേജ്മെന്റും തൊഴിലാളികളും തമ്മിലുള്ള തർക്കത്തിന്റെ പ്രധാന വിഷയം ഡി. എ. പാറ്റേൺ മാറ്റണമെന്നതാണ്. 1981-ൽ ഗവൺമെന്റ് നിയോഗിച്ച ഗോപാലസ്വാമി കമ്മീഷൻ റിപ്പോർട്ടിലാണ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജീവനക്കാരുടെ ഡി. എ. പാറ്റേൺ മാറ്റാൻ ശുപാർശ ചെയ്തത്. എന്നാൽ 1984 ഡിസംബറിൽ ഈ ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ഈ പ്രശ്നം കൊല്ലം ഇൻഡസ്ട്രീയൽ ട്രൈബ്യൂണലിന്റെ തീരുമാനത്തിന് വിട്ടു. കോർപ്പറേഷൻ ജീവനക്കാർക്കും ഗവൺമെന്റു ജീവനക്കാർക്ക് കൊടുക്കുന്ന നിരക്കിൽ ഡി. എ. നൽകാനായിരുന്നു ട്രൈബ്യൂണലിന്റെ അവാർഡ്. ഈ അവാർഡു നടപ്പാക്കുന്നതിനെതിരായി ജീവനക്കാരുടെ സംഘടനകളും ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി സമർപ്പിച്ചു. അവാർഡ് സ്റ്റേ ചെയ്യണമെന്ന അവരുടെ അപേക്ഷ കോടതി നിരസിച്ചു. അതിനുശേഷം ജീവനക്കാരുടെ ശമ്പളം ബഹിഷ്ക്കരിക്കുകയും ചെയ്തു. അനധികൃതമായി പ്രത്യക്ഷസമരപരിപാടികളും സ്വീകരിച്ച് കോർപ്പറേഷന്റെ പ്രവർത്തനം സ്തംഭിക്കാൻ തക്കവണ്ണം പണിമുടക്കും സമരതന്ത്രങ്ങളും അക്രമങ്ങളും നടത്തിയ സാഹചര്യത്തിലാണ് മാനേജ്മെന്റ് ലോക്കൗട്ട് പ്രഖ്യാപിക്കാൻ നിർബന്ധിതമായത്. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന ഈ കേസിൽ ഗവൺമെന്റും കൂടി കക്ഷിയാണ്. അവാർഡ് നടപ്പിലാക്കുന്നതിനെതിരായി തൊഴിലാളികളും സ്വീകരിച്ചിട്ടുള്ള പ്രത്യക്ഷസമരപരിപാടി നിയമവിരുദ്ധമാണ്. ഈ സാഹചര്യത്തിൽ ഗവൺമെന്റിന് ഇക്കാര്യത്തിൽ ഇടപെടാൻ നിവൃത്തിയില്ല.

IV. റിപ്പോർട്ടു സമർപ്പണം

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 104 മുതൽ 106 വരെയുള്ള റിപ്പോർട്ടുകളും

(2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകളും സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകളും

ശ്രീ. സി. വാസുദേവമേനോൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 104, 105, 106 എന്നീ റിപ്പോർട്ടുകളും ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly